# കുത്തന്നൂർ ഹൈസ്കൂൾ

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025-26

## ഉള്ളടക്കം


1. ആമുഖം
2. സ്റ്റാഫ് ലിസ്റ്റ്
3. വിദ്യാർത്ഥികളുടെ എണ്ണം
4. പഠനപ്രവർത്തനങ്ങൾ
5. ഭാഷാപഠന പ്രവർത്തനങ്ങൾ
6. വർക്ക് ഇന്റഗ്രേറ്റഡ് എജ്യുക്കേഷൻ
7. അക്കാദമിക ഉപമേഖല : സംസ്കൃതം പ്രൊജക്ട്
8. മലയാള ഭാഷാ പഠനതലം
9. ഇംഗ്ലീഷ് പ്രൊജക്ട്
10. ഹിന്ദി ഭാഷാ പഠനതലം
12. സംസ്കൃത ഭാഷാ പഠനതലം
13. സാമൂഹ്യശാസ്ത്രാ പഠനതലം
14. സയൻസ് പ്രൊജക്ട് പഠനതലം
15. ഗണിത പ്രൊജക്ട് പഠനതലം

# ആമുഖം

കുത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്താണ് കുത്തന്നൂർ ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്. ദീർഘനാളത്തെ കഠിനപ്രയത്നത്തിന്റെ ഫലമായാണ് മൂർക്കത്ത് ശ്രീ. ദാമോദരൻനായർ ഈ വിദ്യാലയം ഈ നാടിന് സമർപ്പിച്ചത്. ഈ വിദ്യാലയം ഇന്നും നാടിന്റെ കെടാവിളക്കായി പ്രവർത്തനം തുടരുന്നതിൽ ഞങ്ങൾ അഭിമാനംകൊള്ളുന്നു. വിശിഷ്ട വ്യക്തികൾ ഈ വിദ്യാലയം സന്ദർശിച്ചിട്ടുണ്ട്. മികച്ച വിജയം, മികച്ച പൗരന്മാർ എന്നതാണ് ഞങ്ങളുടെ മുദ്രാവാക്യം. ഈ വിദ്യാലയത്തിൽ നിന്നും പഠനം പൂർത്തിയാക്കിയ പല വ്യക്തിത്വങ്ങളിൽ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചിട്ടുണ്ടെന്ന് നമുക്ക് അഭിമാനിക്കാം.

1957ൽ 3 ക്ലാസുമുറികളുമായി പ്രവർത്തനമാരംഭിച്ച കുത്തന്നൂർ ഹൈസ്ക്കൂൾ ഇന്ന് അത്യാധുനിക സൗകര്യങ്ങളോടുകൂടി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെച്ചുവരുന്നു. ഇവിടെ 1500ഓളം വിദ്യാർത്ഥികളും 55 അധ്യാപകരും 45 ക്ലാസുമുറികളുമുണ്ട്. ആദ്യകാലങ്ങളിൽ 50%ത്തിൽ താഴെ മാത്രം വിജയം കൈവരിച്ചിരുന്ന ഈ വിദ്യാലയം തുടർച്ചയായി 100% കൈവരിച്ച് കുഴൽമന്ദം സബ്ബ് ജില്ലയിൽ ഉന്നതസ്ഥാനം നേടിയെടുക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിൽ യജ്ഞത്തിന്റെ ഭാഗമായി ഈ സ്കൂൾ ഹൈടെക് വിദ്യാലയമാക്കി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

# H.S.S. STAFF LIST

| | | | |
|---|---|---|---|
| 1. | Bobby John | - | HSST (History) |
| 2. | Subha. M.S. | - | HSST (Malayalam) |
| 3. | Seema. T. | - | HSST (Economics) |
| 4. | Deepa. K. Nair | - | HSST (Chemistry) |
| 5. | Ramya. M. Das | - | HSST (Comp. Science) |
| 6. | Jyothi. K.G. | - | HSST (Physics) |
| 7. | Rekha Radhakrishnan | - | HSST (STatistics) |
| 8. | Preethy Alice Punnoose | - | HSST (Maths) |
| 9. | Manesh. R. | - | HSST Jr. (Hindi) |
| 10. | Mini. K. | - | HSST (English) |
| 11. | Deepthy. P. | - | HSST Jr. (Comp. Science) |
| 12. | Resmi Vijayan. P. | - | HSST (Commerce) |
| 13. | Silpa Ramakrishnan | - | HSST Jr (Economics) |
| 14. | Ambili. P.P. | - | HSST (Politics) |
| 15. | Vineetha. V. | - | Lab Assistant |
| 16. | Vishnu | - | Lab Assistant |
| 17. | Abhilash. R. | - | HSST Jr. (Commerce) |

## No. of Students

**Plus One**

| | | | |
|---|---|---|---|
| Humanities | - | 51 | |
| Science | - | 55 | 161 |
| Commerce | - | 55 | |

**Plus Two**

| | | | |
|---|---|---|---|
| Humanities | - | 57 | |
| Science | - | 59 | 176 |
| Commerce | - | 60 | |

# HIGH SCHOOL STAFF LIST

1. Indira Devi. D. (Headmistress)
2. Beena Nair. K.T.
3. Rekha. K.G.
4. Sudha. K.A.
5. Somiya Jose
6. Sheeja. M.
7. Sujatha. V.
8. Suma Kalathiyath
9. Anitha. P.
10. Haridasan. P.
11. Mini Padikkaparambil
12. Rekha Ramakrishnan
13. Ajith. T.G.
14. Dhanya. K.K.
15. Sreejith. E.S.
16. Baby Asha. K.G.
17. Saju. K.
18. Praveenkumar. K.G.
19. Sheeba. R.
20. Monisha. U.
21. Rubeena. K.
22. Divya
23. Sreelatha
24. Dhanya. G.
25. Rohit
26. Amritha
27. Reshma
28. Arya
29. Deepthy
30. Deepa
31. Renuka
32. Roshini
33. Harsha
34. Vandhana
35. Satheesh Kumar. P.C.
36. Aneesh
37. Renjith
38. Aswin

**No. of Students**

| **Std.** | **Boys** | **Girls** | **Total** |
|---|---|---|---|
| 5 | 58 | 77 | 135 |
| 6 | 72 | 71 | 143 |
| 7 | 65 | 75 | 140 |
| 8 | 100 | 94 | 194 |
| 9 | 98 | 99 | 197 |
| 10 | 96 | 79 | 175 |
| | | **TOTAL** | **984** |

# മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. വാക്കുകൾ എഴുതിയ കാർഡ്<br>5. വാക്കുകൾ നിർമ്മിക്കൽ<br>6. ചിത്രം - അടിക്കുറിപ്പ്<br>7. ചിത്രം - കഥ എഴുതൽ<br>8. ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | 2 മാസം (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ.<br>3. പത്രവായന<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പുസ്തക ചർച്ച<br>6. വായനാനുഭവം<br>7. വായനാക്കുറിപ്പ് പതിപ്പ്<br>8. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം.<br>9. ദിനാചരണം<br>10. ഇ-വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ് | അധ്യാപകർ |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ. | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| | 5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ.<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ.<br>7. വ്യക്തിഗത രചന - സംഘ രചന.<br>8. ഭാഷാ പ്രൊജക്റ്റ്<br>9. സാഹിത്യകാരൻമാരുമായുള്ള അഭിമുഖം - സംവാദം. | | | |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലന കളരി.<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# മേഖല - ഹൈസ്കൂൾ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class, English Library നവീകരണം, English Corner Story Time, English Cartoon പ്രദർശനം, English Assembly. | അവധിക്കാലം/ ശനിയാഴ്ചകൾ | പി.ടി.എ. ടീച്ചേഴ്സ് | പി.ടി.എ. മാനേജ്മെന്റ് |
| 2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Cinema & Documentary - Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinemaയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേഴ്സ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role Play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കൊറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ. ഇംഗ്ലീഷ് ക്ലബ്ബ് |
| 3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | School English Voice, അക്ഷര കാർഡ്, പദ കാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ. | ക്ലാസ്റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions. | ക്ലാസ്റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേഴ്സ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. നാടകീകരണം | English Assembly, Skit, Puppet Show, English Lab<br><br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ക്ലാസ്റൂം പ്രവർത്തനങ്ങൾ<br><br>ശനിയാഴ്ചകൾ, ക്യാമ്പ് | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ.<br><br>രക്ഷിതാക്കൾ |
| 5. കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം.<br><br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആദ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Review<br>രചനകളുടെ പ്രദർശനം (Magazine) | ക്ലാസ് പ്രവർത്തനങ്ങൾ<br><br>വെക്കേഷൻ, ശനിയാഴ്ചകൾ<br><br>വർഷത്തിൽ രണ്ട് പ്രാവശ്യം | ടീച്ചേർസ്, പി.ടി.എ, SRG<br><br>ടീച്ചേർസ്, പി.ടി.എ, SRG<br><br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>പി.ടി.എ. മാനേജ്മെന്റ് |
| 6. സാങ്കേതിക വിദ്യാ...... ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രയോജനപ്പെടുത്തുക.<br><br>Test English | പ്രശസ്ത സാഹിത്യകാരൻമാർ, നിരൂപകർ, വിവിധ മേഖലകളിലുള്ള പ്രശസ്ത ....കൾ എന്നിവരുമായുള്ള അഭിമുഖ വീഡിയോ റിഫറൻസ് എന്നിവ നടത്തുന്നു.<br><br>English .......<br>film കാണാനുള്ള അവസരം. | വെക്കേഷൻ (ഓണം, ക്രിസ്തുമസ്)<br><br>അക്കാദമിക വർഷത്തിൽ ഒന്ന് | ....<br>പി.ടി.എ, SRG<br><br>ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ, SRG, മാനേജ്മെന്റ് |
| 7. സംവാദ സദസുകൾ സംഘടിപ്പിക്കുക. | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു.<br><br>ഇപ്പോൾ ജീവിച്ചിരിക്കുന്ന English Writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | ശനിയാഴ്ചകൾ/ വെക്കേഷൻ<br><br>അക്കാദമിക വർഷം രണ്ട് തവണ | ടീച്ചേഴ്സ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |

# മേഖല - ഹൈസ്കൂൾ - ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ, പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | **10-ാം തരം**<br>പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കാൻ പറയുന്നു. | ദീർഘം നവംബർ- ഡിസംബർ |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളുടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക. ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു.<br>സ്വഭാവ സവിശേഷതകളിൽ മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ - ജനുവരി |

## മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രബോധ ത്തിൽ നിന്നും ഭാവി രൂപപ്പെടു ത്തുക. | **കാടും മേടും:-** ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:-** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തിയ്യതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ :-** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ |
| 3. സാമൂഹ്യശാ സ്ത്രത്തിൽ പരീക്ഷണം, നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:-** സാമൂഹ്യ ശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | പി.ടി.എ. മാനേജ്മെന്റ് | |
| 4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങ ളിലൂടെ വളരുക. സാമൂഹ്യ പരി ഷ്കർത്താ ക്കളെ പരിചയ പ്പെടുത്തുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:-** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | | | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **പട്ടുപാതയിലൂടെ:-** ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നു. കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ് മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6. കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കുവാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:-** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരികൾ, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, സിനിമാ പ്രദർശനം | | | |
| 7. വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:-** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും അറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല - ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അത്ഭുത കണ്ണിലൂടെ:- കൗതുകം, ജിജ്ഞാസം, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. |
| 2. **ശാസ്ത്ര ലോകത്തേക്ക്:-** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം - 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം - 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3. ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകൾ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരിണം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. മാനേജ്മെന്റ് |
| 4. ആയുർരേഖ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യ രേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. വൈജ്ഞാനിക ബഹിർസ്ഫുരണം, അന്വേഷണ തൃഷ്ണ വർധിപ്പിക്കൽ, നേരറിവ് നേടൽ. | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിതസേന സീഡ് | കൃഷിവകുപ്പ് ഹരിതസേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധന ക്യാമ്പസ്. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ. | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |
| | **ശാസ്ത്ര വിസ്മയ ചുമർ:** ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ. |
| | **മുഖാമുഖം:** ശാസ്ത്രമേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തുക, ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| | **യുറേക്ക:** കുട്ടികളിൽ ശാസ്ത്രാവബോധം വളർത്താൻ ശാസ്ത്ര മാസികകൾ ഉൾപ്പെടുത്തി ക്ലാസ് ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിന് ഉപയോഗിക്കുന്നു. | **വിസ്മയ യാത്ര:** ICTയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br>പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| • പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ. | പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത മൂലകങ്ങളും ഐസോടോപ്പുകളും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു, ഇലക്ട്രോണിക് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | ശാസ്ത്ര ക്ലബ്ബ് |

# മേഖല - ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 8, 9, 10 ക്ലാസ്സിലെ കുട്ടികളുടെ ഗണിതത്തിലെ മുന്നറിവ്. ചതുഷ്ക്രിയ അടിസ്ഥാനശേഷികൾ ഉറപ്പുവരുത്തുകയും ഗണിതാഭിമുഖ്യം വളർത്തുക. | ഗണിതത്തിലെ മുന്നറിവ്, Pre-test നടത്തി ശേഷി വിലയിരുത്തുന്നു. പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം ഗണിതക്ലബ്ബ് രൂപീകരണം പാസ്കൽ ദിനാചരണം. | ജൂൺ | ഗണിതാധ്യാപകർ | |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. ശിൽപ്പശാല നടത്തുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂലായ് | അധ്യാപകർ | ഗണിത ക്ലബ്ബ് |
| സംഗീത മത്സരവേദിയിലേക്ക്. മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ. | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | ഓഗസ്റ്റ് | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ | |
| I.C.T. | ഓണപ്പൂക്കളം, ഡിജിറ്റൽ പൂക്കളം തയ്യാറാക്കൽ, I.C.T. സാധ്യത പ്രയോജനപ്പെടുത്തൽ. | | | |
| | പാദവാർഷിക പരീക്ഷക്കുള്ള മുന്നൊരുക്കം, ഗണിത മാഗസിന്റെ പ്രവർത്തനം. | സെപ്റ്റംബർ | | |
| | ഗണിതശാസ്ത്രമേളയോടനുബന്ധിച്ചുള്ള പ്രവർത്തനം. | ഒക്ടോബർ | അധ്യാപകർ | |
| | സെമിനാർ ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ. | നവംബർ | | |
| | ഗണിതക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തിരഞ്ഞെടുത്ത സ്ഥലത്തേക്ക് ഒരു പഠനയാത്ര സംഘടിപ്പിക്കുന്നു. | ജനുവരി | | |

# WORK INTERGRATED EDUCATION

**Subject Council Convenor**

**UP : Divya. K.C.**

**HS : Divya. K.C.**

**INDEX**

1. ക്ലബ്ബ് രൂപീകരണം
2. ഏകദിന ശില്പശാല
3. പ്രവൃത്തി പരിചയമേള
4. ജില്ലാ സംസ്ഥാന മത്സരങ്ങൾക്ക് കുട്ടികളെ തയ്യാറാക്കൽ

## 1. ക്ലബ്ബ് രൂപീകരണം

സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ പ്രവൃത്തിപരിചയത്തെക്കുറിച്ച് ധാരണയും താത്പര്യവും ഉള്ള കുട്ടികളെ ഉൾപ്പെടുത്തി ക്ലബ്ബ് രൂപീകരിക്കുന്നു.

### Expected outcome:-

1. വിദ്യാർത്ഥികൾക്ക് കരകൗശല മേഖലയിൽ വിജ്ഞാനം നൽകുക.
2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക.
3. പ്രവൃത്തിപരിചയത്തെക്കുറിച്ച് വിദ്യാർത്ഥികളുടെ ചിന്ത, മനോഭാവം എന്നിവ വികസിപ്പിക്കുക.

### Process:-

1. ജൂൺ രണ്ടാംവാരത്തിൽ യു.പി, ഹൈസ്കൂൾ തലത്തിൽ നിന്നും പതിന ഞ്ചുവീതം കുട്ടികളെ കണ്ടെത്തി പ്രവൃത്തിപരിചയ ക്ലബ്ബിൽ അംഗങ്ങളാ ക്കുന്നു.
2. ഔപചാരിക വിദ്യാഭ്യാസവും തൊഴിൽ ഉത്ഗ്രഥിത വിദ്യാഭ്യാസവും തമ്മി ലുള്ള വ്യത്യാസം വിദ്യാർത്ഥികളിൽ എത്തിക്കുക.

| | |
|---|---|
| Budget | : |
| Duration | : One day |
| Number of Student Involved | : 15 |
| Venue | : School Hall |
| Teacher's Incharge | : |

## 2. ഏകദിന ശില്പശാല:-

ഫാബ്രിക് പെയിന്റുമായി ബന്ധപ്പെട്ട അറിവുകൾ ഉയർത്തുന്നതിനുവേണ്ടി ഏകദിന ശില്പശാല.

### Expected outcome

1. കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന്.
2. ഫാബ്രിക് പെയിന്റിനെക്കുറിച്ചുള്ള അറിവ്.
3. കുട്ടികൾക്ക് എളുപ്പത്തിൽ ഉള്ള പഠനരീതി.

### Process:-

ജൂലൈ ആദ്യവാരം കുട്ടികൾക്കായുള്ള ഏകദിന ശിൽപ്പശാല മികച്ച ആർ.പി. യുടെ നേതൃത്വത്തിൽ നടത്തുന്നു. താല്പര്യം ഉള്ള എല്ലാ കുട്ടികളെയും പങ്കെടു പ്പിക്കുന്നു.

| | | |
|---|---|---|
| Budget | : | 5,000/- |
| Duration | : | One day |
| Number of Student Involved | : | |
| Venue | : | School Hall |
| Teacher's Incharge | : | |

### 3. പ്രവൃത്തിപരിചയ മേള

സ്കൂൾ വിദ്യാർത്ഥികൾക്ക് ഇടയിൽ പ്രവൃത്തിപരിചയമേളക്കു മത്സരിക്കുന്ന കുട്ടികളെ അവരുടെ കഴിവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നു.

**Expected outcome**

1. UP, HSൽ നിന്നും എല്ലാ ഇനങ്ങളിലും കുട്ടികളെ മത്സരിപ്പിക്കുന്നു.
2. ഇതിൽനിന്നും ഏറ്റവും മികച്ച കുട്ടികളെ തിരഞ്ഞെടുക്കുന്നു.

**Process:-**

ജൂലൈ മാസം അവസാനവാരത്തിൽ യു.പി.യിൽനിന്നും ഹൈസ്കൂളിൽ നിന്നും മത്സരത്തിൽ പങ്കെടുക്കുന്നതിനായുള്ള കുട്ടികളെ കണ്ടെത്തുകയും ആഗസ്റ്റ് ആദ്യവാരത്തിൽ മേള നടത്തുകയും ചെയ്യുന്നു.

| | | |
|---|---|---|
| Budget | : | 2,500/- |
| Duration | : | One day |
| Number of Student Involved | : | |
| Venue | : | School Class Room |
| Teacher's Incharge | : | |

### 4. ജില്ല, സബ്ജില്ലാ മത്സരങ്ങൾക്കുള്ള കുട്ടികളെ തയ്യാറാക്കൽ

**Expected outcome**

1. തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് സബ്ജില്ലയിലേക്ക് മത്സരിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നു.
2. മാനസികമായി കുട്ടികളിൽ ആത്മവിശ്വാസം നൽകുന്നു.

**Process:-**

തിരഞ്ഞെടുത്ത കുട്ടികളെ ആഗസ്റ്റ് രണ്ടാം വാരത്തോടുകൂടി ഓരോ വിഭാഗ ത്തിനനുസരിച്ച് വളരെ മികച്ച രീതിയിൽ ഉള്ള പരിശീലനം നൽകുന്നു. എല്ലാ തയ്യാറെടുപ്പുകളോടും കൂടി പ്രവൃത്തിപരിചയമേളയിൽ 30 മത്സര ഇനങ്ങളിലും A Grade കരസ്ഥമാക്കുന്നു. ഇതിലൂടെ സ്കൂളിന്റെ നിലവാരം മെച്ചപ്പെടുത്തുന്നു. തുടർന്നുള്ള ജില്ലാ സംസ്ഥാന മത്സരങ്ങളിൽ മത്സരിക്കുന്നതിന് കുട്ടികളെ സജ്ജരാക്കുന്നു.

## മാസ്റ്റർ പ്ലാൻ

## മേഖല - അക്കാദമികം (UP & HS) ഉപമേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ.<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ.<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>• പതിപ്പുകൾ, മാഗസിനുകൾ.<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം/ അസംബ്ലി.<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്.<br>• വായനാമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ -ഉപന്യാസം രചിക്കൽ & അവതരണം etc.<br>• വിവിധ സാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച്/ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc.<br>• വിവിധ കലാരൂപങ്ങളുടെ demonstration. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ etc. | |

# PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**

  സംസ്കൃത ഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃത ദിനാചരണം**

  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ.

- **സംസ്കൃത അസംബ്ലി**

  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃത സംഭാഷണ ശിബിരം**

  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**

  സംസ്കൃത കൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**

  കഥാരചന, കവിതാരചന, ഉപന്യാസരചന പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം**

  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു.എസ്.എസ്. പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ.ടി. സാധ്യതകളെ പ്രയോജനപ്പെടുത്തൽ**

  വിക്ടേഴ്സ് ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# യു.പി. മലയാളം മാസ്റ്റർപ്ലാൻ 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ ഡയറി**<br>കുട്ടികൾ എല്ലാ ദിവസവും നിർബന്ധമായി ഡയറി എഴുതുന്നുണ്ടെന്ന് രക്ഷിതാക്കളും അധ്യാകരും ഉറപ്പുവരുത്തുക. അവരുടെ ദൈനംദിന ജീവിതത്തിൽ നടക്കുന്ന കാര്യങ്ങൾ എഴുത്തിലൂടെ വ്യക്തമാക്കാൻ കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. | ജൂൺ മാസം (എല്ലാ ദിവസവും) | മലയാളം അധ്യാപകർ, ക്ലാസ്സ് ടീച്ചർ, മറ്റ് അധ്യാപകർ |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | **വാർത്താലോകം**<br>പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും, ഉച്ചാരണ ശുദ്ധി ഉണ്ടാക്കുകയും ചെയ്യുന്നു.<br>വാർത്താവായന മാധ്യമങ്ങളുടെ സഹായത്താൽ കുട്ടികളെക്കൊണ്ട് വാർത്തകൾ വായിപ്പിക്കുന്നു. ക്ലാസ്സ്തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. അതാത് മാസത്തെ ദിനാചരണങ്ങൾ, ക്ലാസ്സ്, സ്ക്കൂൾ തലത്തിൽ വെച്ച് ക്വിസ് മത്സരം നടത്തി വിജയികളെ കണ്ടെത്തുന്നു. | എല്ലാ മാസവും<br>പ്രതിമാസം | മലയാളം ക്ലബ്ബ് |
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും; സംവാദങ്ങൾക്കും വേണ്ടിയുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നു. കുട്ടികളോട് സ്വന്തമായി കഥകളും കവിതയും എഴുതാൻ പറയുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | മലയാളം അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 4. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ, കഥകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ ക്ലാസ്സിലും, സ്ക്കൂൾ അസംബ്ലിയിലും മികവുത്സവത്തിലും അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സ്ക്കൂൾ, മലയാളം, അധ്യാപകർ, പി.ടി.എ. |

# Academic Master Plan - UP English

| Aim | Activities | Time | Responsibility | Financial Management |
|---|---|---|---|---|
| Enable the students to develop their LSRW skills. | **Lend you ear**<br>Allow them to hear an audio clip, along with a questioned sheet and let them answer the questions. | June | English Teacher | English Club |
| | **Connect thoughts**<br>Ask the students to write simple words (especially the nouns) and transform them into paragraphs using the adjectives. | July | English Teacher | |
| | **Treasure Hurt**<br>Some chits will be kept in the classrooms. The learners have to find the ore and speak about content in the chit. | August | English Teacher | |
| | **Read Read & Road**<br>Extensive readers wil be provided to the students. Decoding the concept of the context. Let them prepare questions stuitable to the discourse. | September | English Teacher | |
| | **Ore man show**<br>Give a topic to them and ask then to say a few sentences about it. | October | English Teacher | |
| Develop Creative reading | I Too Can!<br>Events of the storry are given shuffled and ask them to arrange | November | English Teacher | |

| Aim | Activities | Time | Responsibility | Financial Management |
|---|---|---|---|---|
| | **Reader's Theature**<br>Presenting a story or event in front of the students. | Monthly | English Teacher | |
| | **Reader of the Month**<br>English newspaper or story book will be read the class to develop or imaginative picture in their minds. | Weekly | English Teacher | |
| Error free English writing | **My Droplets**<br>Creating a class magazine including all their creative and innovative ideas and works. | December | English Teacher | |
| | **Alert Zone / Signboard**<br>Prepare signboard and Alert zone and affix them on the proper place. | January | English Teacher | |
| | **Run Baby Run**<br>Divide them groups. Affix a chart with some content in it. Read the one which kept outside the class and note it down properly on the book kept inside the classroom. | February | English Teacher | |
| | **Fun time free time**<br>Proverbs, funs can be present in the class. | March | English Teacher | |
| | **Dumb charades**<br>A story content will be given in chits they have to act them and let others to find which story is it. | Weekly | English Teacher | |

# UP SECTION - HINDI

## മേഖല : അക്കാദമികം, ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1. | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യവാരം | 5, 6, 7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN, SLOW Learners കുട്ടികൾക്ക് വേണ്ട അധ്യാപിക പിന്തുണ ഉറപ്പാക്കൽ |
| 2. | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന, ഭാഷാപോഷിണി പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ്. | ജൂൺ രണ്ടാം വാരം | 5, 6, 7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |
| 3. | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം. | പ്രതിദിനം | 5, 6, 7 | ഹിന്ദി അധ്യാപകർ | |
| 4. | CWSN, SLOW Learners കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐ.സി.ടി. മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5, 6, 7 | ഹിന്ദി അധ്യാപകർ | |

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 5. | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5, 6, 7 | ഹിന്ദി അധ്യാപകർ | |
| 6. | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5, 6, 7 | ഹിന്ദി അധ്യാപകർ | |
| 7. | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5, 6, 7 | ഹിന്ദി അധ്യാപകർ | |
| 8. | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5, 6, 7 | ഹിന്ദി അധ്യാപകർ | |
| 9. | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം.<br>• വാർത്തകൾ കാണാനുള്ള അവസരം. | 6 മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10. | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ. | 6 മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **കാടും മേടും** – ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബുകൾ |
| 2. സാമൂഹിക ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | **കളിയരങ്ങ്:– കളിയിലൂടെ കാര്യത്തിലേയ്ക്ക്:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന്.<br>**ഓർമ്മ പുതുക്കൽ:–** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതിതല സ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ ഉൾപ്പെടുത്തി ICT സാധ്യത ഉപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3. ജനാധിപത്യപരമായ ജീവിതം സമീപനം രൂപപ്പെടുത്തുക. | **ഒന്നായി നമ്മൾ :** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവക്കായുള്ള പ്രവർത്തനങ്ങൾ. | നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ |
| 4. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം സാധ്യമാക്കുന്നതിന്. | **ആകാശക്കാഴ്ചകൾ :** സാമൂഹ്യശാസ്ത്രലാബുകൾ എന്നിവ സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ | പി.ടി.എ. മാനേജ്മെന്റ് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5. ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **രാജ്യാന്തരങ്ങളിലൂടെ :** ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ മനസ്സിലാക്കാനും സ്ഥാന നിർണ്ണയത്തിനും സഹായകമാവുന്നു. അറ്റ്ലസ്, മാപ്പ്, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. കുട്ടികളിൽ ആരോഗ്യകരമായ ഭക്ഷണ രീതികൾ പരിചിതമാക്കാൻ. | **രുചിക്കൂട്ട് :** ഒക്ടോബർ 16 ലോകഭക്ഷ്യദിനത്തിൽ ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. | നിശ്ചയിക്കപ്പെട്ട ദിനം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7. കുട്ടികളിൽ വിജ്ഞാന കൗതുകം വളർത്തുന്നതിനും ഉയർന്ന ചിന്താശകലങ്ങൾ വളർന്നു വരുവാനും . | **കൗതുകം :** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരികൾ, വീഡിയോ പ്രദർശനം, സിനിമാ പ്രദർശനം. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | **ജൈവ വൈവിധ്യ പാർക്ക്:** പരിസ്ഥിതിദിനവുമായി ബന്ധപ്പെട്ട് വൃക്ഷത്തൈ വിതരണം ഔഷധത്തോട്ടം, പച്ചക്കറിതോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ച് ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് ശാസ്ത്രാധ്യാപകർ ഹെൽത്ത് ക്ലബ്ബ് | പി.ടി.എ. |
| | **കണ്ടറിയാനൊരു യാത്ര:** വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്ട്രാർ നിർമ്മാണം ചാന്ദ്രദിനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ. | | | |
| | **പരീക്ഷണക്കളരി:** നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ ഉൾപ്പെടുത്തി പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| • ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ് :** വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രാശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് ശാസ്ത്രാധ്യാപകർ ഹെൽത്ത് ക്ലബ്ബ് | പി.ടി.എ. |
| | **സയൻസ് ഫെസ്റ്റ്:** ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

# യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | **ഗണിത ശിൽപ്പശാല:** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡുകൾ, മുത്തുകൾ, ഫ്ളാഷ് കാർഡ് തുടങ്ങിയ ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2. രസകരമായ രീതിയിൽ ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കി, ലാബിൽവെച്ച് ഗണിത ക്ലാസ്സ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 3. ഗണിതമേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ. | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ 5-6 തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | |
| 4. ആധുനികശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 5. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും, മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 6. വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |